# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2638 — 17.06.2019-ൽ മറുപടിയ്ക്ക്

## അലിമുക്ക് - അച്ചൻകോവിൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി

ചോദ്യം

ശ്രീ. കെ.ബി.ഗണേഷ് കുമാർ

മറുപടി

അഡ്വ.കെ.രാജു

(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) അലിമുക്ക് - അച്ചൻകോവിൽ റോഡിൽ നബാർഡ് ധനസഹായത്തോടെ വനം വകുപ്പ് നടപ്പിലാക്കുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(എ) അലിമുക്ക് - അച്ചൻകോവിൽ റോഡിൽ നബാർഡ് ധനസഹായത്തോടെ വനം വകുപ്പ് നടപ്പിലാക്കുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് ആകെ 13,84,00,000/- (പതിമൂന്നു കോടി എൺപത്തി നാല്പ ലക്ഷം രൂപ മാത്രം) രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) റീച്ചുകളായാണ് പ്രവൃത്തി ടെൻഡർ ചെയ്യപ്പെട്ടിട്ടുള്ളത് എങ്കിൽ എത്ര റീച്ചുകളായെന്നും ഇവയിൽ ഓരോ റീച്ചിന്റെയും ആരംഭസ്ഥലം, അവസാനസ്ഥലം, അനുവദിക്കപ്പെട്ട തുക, ദൂരം, കരാർപ്രകാരം പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള കാലാവധി എന്നിവ യഥാക്രമം വ്യക്തമാക്കാമോ ;

(ബി) മൂന്ന് റീച്ചുകളായാണ് ടെൻഡർ നടപടികൾ ചെയ്തിട്ടുള്ളത്.

| റീച്ചിന്റെ ആരംഭ സ്ഥലം അവസാന സ്ഥലം | അനുവദിക്കപ്പെട്ട തുക | ദൂരം | കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കുവാനുള്ള കാലാവധി |
|---|---|---|---|
| കോന്നി ഡിവിഷന്റെ പരിധിയിൽ മണ്ണാറപ്പാറ ചിറ്റാർ പാലം മുതൽ കടമ്പുപാറ വരെയുള്ള ഭാഗമാണ് | 7,44,40,000/- | 8.5 കി.മീ | അഞ്ച് മാസം |
| പുനലൂർ ഡിവിഷനിൽ ചെയിനേജ് 12/000 (ഡബിൾ കട്ടിംഗ്) മുതൽ 20/000 (ചെരിപ്പിട്ടകാവ്) വരെ | 3,87,45,000/- | 8 കി.മീ. | 150 ദിവസം |
| അച്ചൻകോവിൽ ഡിവിഷനിൽ ചിറ്റാർ പാലം മുതൽ ക്ഷേത്രം ജംഗ്ഷൻ വരെ | 2,52,15,000/- | 5 കി.മീ | 5 മാസം |

| | | |
|---|---|---|
| (സി) ഇവയിൽ ഓരോ റീച്ചുകളിലെയും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ , | (സി) | (സി) കോന്നി ഡിവിഷനിൽ ഇറ പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുള്ളതും, റോഡ് നിർമ്മാണത്തിന്റെ പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്.<br>പുനലൂർ ഡിവിഷനിൽ കലുങ്കുകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>അച്ചൻകോവിൽ ഡിവിഷനിൽ 31.01.2019 -ന് എഗ്രിമെന്റ് വച്ച് 05.02.2019-ന് സൈറ്റ് കൈമാറ്റം ചെയ്തെങ്കിലും നിലവിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (ഡി) സർക്കാരിലെ ഏത് വകുപ്പാണ് പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ മേൽനോട്ടം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ , | (ഡി) | കേരള പി.ഡബ്ല്യൂഡി റോഡ്സ് വിഭാഗമാണ് പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ മേൽനോട്ടം നടത്തുന്നത്. |
| (ഇ) ഇപ്പോഴത്തെ പ്രവൃത്തി പുരോഗതി അനുസരിച്ച് എന്നത്തേക്ക് ഈ പ്രവൃത്തി മുഴുവനായും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ഇ) | കോന്നി ഡിവിഷനിൽ മൂന്ന് മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതാണ്.<br>പുനലൂർ ഡിവിഷനിൽ ജൂലൈ 13-ാം തീയതി വരെയാണ് എഗ്രിമെന്റ് പ്രകാരം നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള കാലാവധി.<br>അച്ചൻകോവിൽ ഡിവിഷനിൽ ജൂൺ 31-ാം തീയതി വരെയാണ് എഗ്രിമെന്റ് പ്രകാരം നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള കാലാവധി. |

സെക്ഷൻ ഓഫീസർ